GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd April 2015

## ഡീലിമിറ്റേഷൻ കമ്മീഷൻ മേഖലാ യോഗങ്ങൾ 24 – ന് തുടങ്ങും

സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പുനർവിഭജനത്തിന്റെ ഭാഗമായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ മേഖലാ യോഗങ്ങൾ ഏപ്രിൽ 24 ന് ആരംഭിക്കും. അന്നേ ദിവസം രാവിലെ പത്തിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായരുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റിൽ ചേരുന്ന യോഗത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളുടെ കളക്ടർമാർ, ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി കളക്ടർമാർ, നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ, പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുക്കും. തുടർന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുമായും ഡീലിമിറ്റേഷൻ കമ്മീഷൻ അദ്ധ്യക്ഷൻ കൂടിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ച നടത്തും. മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകൾക്ക് വേണ്ടി 25- ന് തൃശൂർ കിലയിലും കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്ക് വേണ്ടി 28- ന് കൊല്ലം കളക്ടറേറ്റിലും മേഖലാ യോഗം ചേരുന്നതാണ്.

(എസ്.ഇ.സി. 17/2015)